**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2167** **30-07-2021 - ൽ മറുപടിയ്ക്ക്**

**തീരവനം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. എം.വിജിൻ** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും തീരസംരക്ഷണത്തിനും മുൻ സർക്കാർ നടപ്പിലാക്കിയ തീരവനം പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; | (എ) | പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും തീരസംരക്ഷണത്തിനും വേണ്ടി മുൻ സർക്കാർ നടപ്പിലാക്കിയ തീരവനം പദ്ധതി പരിപാലിച്ച് കൊണ്ട് സ്ഥലലഭ്യത അനുസരിച്ച് കാറ്റാടിവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചിട്ടുള്ളതാണ്. ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ ആലപ്പുഴ മുൻസിപ്പാലിറ്റി ബീച്ച് വാർഡ് മുതൽ പുന്നപ്രതെക്ക് പഞ്ചായത്ത് ഗലീലിയാ കടപ്പുറം വരെയുള്ള 9 കി.മീ നീളത്തിൽ 2007-ൽ തീരവനം നിർമ്മിച്ചിട്ടുള്ളതാണ്. തീര സംരക്ഷണത്തിന് ഏറെ പ്രയോജനകരമായിട്ടാണ് ടി വൃക്ഷങ്ങൾ നിൽക്കുന്നത്. നിലവിൽ ടി പ്ലാന്റേഷന്റെ പടിഞ്ഞാറ് ഭാഗത്തായി 50 മീറ്റർ വീതിയിൽ മണൽ നിക്ഷേപം ഉണ്ടായിട്ടുണ്ട്. കാസർഗോഡ് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ 2018-19 വർഷത്തിൽ ചേറ്റുകുണ്ട് കടലോരത്ത് പതിനായിരം കാറ്റാടി തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. ഈ വർഷം കാസർഗോഡ് സി.പി.സി.ആർ.ഐ.എൽ കടലോരത്ത് 9000 കാറ്റാടി തൈകളും വച്ചുപിടിപ്പിച്ചിട്ടുണ്ട്. |
| (ബി) | തീരവനത്തിന്റെ പരിപാലന-സംരക്ഷണ ചുമതല ഏൽപ്പിച്ചിരിക്കുന്നത് ആരെയാണ്; | (ബി) | ജനപങ്കാളിത്തത്തോടെ തീരവനസംരക്ഷണ സമിതിയും വനം വകുപ്പും സംയുക്തമായി പരിപാലിച്ചുവരുന്നു. |
| (സി) | തീരവനം കൈയ്യേറ്റം നടക്കുന്നതായോ നശിപ്പിക്കപ്പെടുന്നതായോ ഉള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പദ്ധതി സംസ്ഥാനത്തെ തീരപ്രദേശങ്ങളിലാകെ വ്യാപിപ്പിക്കുന്നതിനും അവ കൃത്യമായി പരിപാലിക്കുന്നതിനും ആവശ്യമായ നടപടികൾ ആസൂത്രണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | ലഭ്യമായ സ്ഥലങ്ങളിൽ തീരസംരക്ഷണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കാറ്റാടി തൈകൾ വച്ചുപിടിപ്പിക്കുകയും ആയത് തീരവനസംരക്ഷണ |

| | | | |
|---|---|---|---|
| | | | സമിതിയും, വനം വകുപ്പും സംയുക്തമായി പരിപാലിച്ചുവരുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ